**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**തിരുവനന്തപുരം -695033**

നമ്പർ: ബി1-48223-2021-സം.തി.ക.                                  തീയതി: 07.10.2021

പ്രേഷിതൻ

സെക്രട്ടറി

സ്വീകർത്താവ്

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ & ജില്ലാ കളക്ടർ ,
തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ,കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ,
പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്.

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - സംസ്ഥാനത്തെ വിവിധ ജില്ലകളിലെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി വാർഡുകളിലെ ഉപതിരഞ്ഞെടുപ്പ് നടത്തുന്നത്– വരണാധികാരികൾക്കും ഉപവരണാധികൾക്കും **2021 ഒക്ടോബർ 11 –ന്** പരിശീലനം നൽകുന്നത് - സംബന്ധിച്ച്.

സംസ്ഥാനത്തെ വിവിധ ജില്ലകളിലെ താഴെ പട്ടികയിൽ കൊടുത്തിട്ടുള്ള പഞ്ചായത്ത് നിയോജക മണ്ഡലങ്ങളില്ലും, മുനിസിപ്പാലിറ്റി വാർഡുകളിലും ഉടൻ ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്കുള്ള അന്തിമ വോട്ടർപട്ടിക 30.09.2021 ന് അതാത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പ്രസ്തുത മുപ്പത്തിരണ്ട് തദ്ദേശ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി വരണാധികാരികൾക്കും ഉപവരണാധികാരികൾക്കും ഇലക്ഷൻ ക്ലാർക്കുമാർക്കും **2021 ഒക്ടോബർ 11 (തിങ്കൾ) രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ** ഓൺലൈൻ പരിശീലനം നൽകുവാൻ കമ്മീഷൻ തീരുമാനിച്ചിരിക്കുകയാണ്. പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് ബന്ധപ്പെട്ട വരണാധികാരികൾ ഉപ വരണാധികാരികൾ, ഇലക്ഷൻ ക്ലാർക്കുമാർ എന്നിവർക്ക് അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

പ്രസ്തുത പരിപാടി പരിശീലകരും പരിശീലനാർത്ഥികളും പരസ്പരം സമ്പർക്കം പുലർത്തുന്ന തരത്തിലുള്ളതായതിനാൽ പരിശീലനത്തിലുടനീളം പരിശീലനാർത്ഥികൾ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പരിശീലനാർത്ഥികൾ ഉപയോഗിക്കുന്ന ഹാളിൽ ശ്രദ്ധ മാറുന്ന തരത്തിലുള്ള മറ്റ് പ്രവർത്തനങ്ങൾ പാടില്ലായെന്നും പരിശീലനത്തിന് ആവശ്യമായ മൊബൈൽ/ലാപ് ടോപ് മുൻകൂട്ടി കരുതേണ്ടതാണെന്നും പ്രത്യേകം നിർദ്ദേശം നൽകേണ്ടതാണ്.

പരിശീലനത്തിന് പങ്കെടുക്കുന്ന ഓഫീസർമാരുടെ മൊബൈൽ നമ്പറും (വാട്ട്സ് ആപ്പ് നമ്പർ) ഇ.മെയിൽ അഡ്രസ്സും 08.10.2021 രാവിലെ 11 മണിയ്ക്ക് മുൻപ് കമ്മീഷനിൽ ലഭ്യമാക്കേണ്ടതാണ്.

## പട്ടിക

| ക്രമ നമ്പർ | ജില്ല | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റ നമ്പരും പേരും | വാർഡ്/നിയോജക മണ്ഡലം | സംവരണം |
|---|---|---|---|---|
| 1. | തിരുവനന്തപുരം | സി 01.തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ | 90 വെട്ടുകാട് | ജനറൽ |
| 2. | തിരുവനന്തപുരം | ബി 10.ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് | 07 ഇടയ്ക്കോട് | ജനറൽ |
| 3. | തിരുവനന്തപുരം | ബി 05.പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് | 07 പോത്തൻകോട് ബ്ലോക്ക് ഡിവിഷൻ | പട്ടികജാതി |
| 4. | തിരുവനന്തപുരം | ജി 36.വിതുര ഗ്രാമ പഞ്ചായത്ത് | 03 പൊന്നാംചുണ്ട് | പട്ടികവർഗ്ഗം |
| 5. | കൊല്ലം | ജി 58.ചിതറ ഗ്രാമ പഞ്ചായത്ത് | 10 സത്യമംഗലം | പട്ടികജാതി സ്ത്രീ |
| 6. | കൊല്ലം | ജി 50.തേവലക്കര ഗ്രാമ പഞ്ചായത്ത് | 03 നടുവിലക്കര | ജനറൽ |
| 7. | ആലപ്പുഴ | ഡി 04.ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 01 അരൂർ | ജനറൽ |
| 8. | കോട്ടയം | ജി 22.കാണക്കാരി ഗ്രാമ പഞ്ചായത്ത് | 09 കളരിപ്പടി | ജനറൽ |
| 9. | കോട്ടയം | ജി 27.മാഞ്ഞൂർ ഗ്രാമ പഞ്ചായത്ത് | 12 മാഞ്ഞൂർ സെൻട്രൽ | ജനറൽ |
| 10. | ഇടുക്കി | ജി 18.രാജക്കാട് ഗ്രാമ പഞ്ചായത്ത് | 09 കുരിശുംപടി | ജനറൽ |
| 11. | ഇടുക്കി | ജി 14.ഇടമലക്കുടി ഗ്രാമ പഞ്ചായത്ത് | 09 വടക്കേഇടലി പാറക്കുടി | പട്ടികവർഗ്ഗം സ്ത്രീ |
| 12. | എറണാകുളം | എം 66.പിറവം മുനിസിപ്പൽ കൗൺസിൽ | 14 ഇടപ്പിള്ളിച്ചിറ | ജനറൽ |
| 13. | എറണാകുളം | സി 03.കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ | 63 ഗാന്ധിനഗർ | ജനറൽ |
| 14. | തൃശ്ശൂർ | എം 33.ഇരിങ്ങാലക്കുട മുനിസിപ്പൽ കൗൺസിൽ | 18 ചാലാംപാടം | ജനറൽ |
| 15. | തൃശ്ശൂർ | ബി 84.മതിലകം ബ്ലോക്ക് പഞ്ചായത്ത് | 10 അഴിക്കോട് | ജനറൽ |
| 16. | തൃശ്ശൂർ | ജി.01 കടപ്പുറം ഗ്രാമ പഞ്ചായത്ത് | 16 ലൈറ്റ് ഹൗസ് | പട്ടികജാതി |
| 17. | പാലക്കാട് | ഡി 09.പാലക്കാട് ജില്ലാ പഞ്ചായത്ത് | 01 ശ്രീകൃഷ്ണപുരം | ജനറൽ |

| | | | | |
|---|---|---|---|---|
| 18. | പാലക്കാട് | ബി 99.കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് | 04 ചുങ്കമന്ദം | ജനറൽ |
| 19. | പാലക്കാട് | ജി 89.തരൂർ ഗ്രാമ പഞ്ചായത്ത് | 01 തോട്ടുവിള | സ്ത്രീ |
| 20. | പാലക്കാട് | ജി 57.എരുത്തേമ്പതി ഗ്രാമ പഞ്ചായത്ത് | 07 മൂങ്കിൽമട | ജനറൽ |
| 21. | പാലക്കാട് | ജി 85.എരുമയൂർ ഗ്രാമ പഞ്ചായത്ത് | 01 അരിയക്കോട് | ജനറൽ |
| 22. | പാലക്കാട് | ജി.11 ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് | 08.കർക്കിടകച്ചാൽ | ജനറൽ |
| 23. | മലപ്പുറം | ജി 40.പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് | 14 ചീനിക്കൽ | ജനറൽ |
| 24. | മലപ്പുറം | ജി 95.കാലടി ഗ്രാമ പഞ്ചായത്ത് | 06 ചാലപ്പുറം | സ്ത്രീ |
| 25. | മലപ്പുറം | ജി 17.തിരുവാലി ഗ്രാമ പഞ്ചായത്ത് | 07 കണ്ടമംഗലം | ജനറൽ |
| 26. | മലപ്പുറം | ജി 30.ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത് | 05 വേഴക്കോട് | ജനറൽ |
| 27. | മലപ്പുറം | ജി 55.മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | 01 കാച്ചിനിക്കാട് പടിഞ്ഞാറ് | ജനറൽ |
| 28. | കോഴിക്കോട് | ഡി 11.കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 20 നൻമണ്ട | സ്ത്രീ |
| 29. | കോഴിക്കോട് | ജി 54.കൂടരഞ്ഞി ഗ്രാമ പഞ്ചായത്ത് | 07 കുമ്പാറ | ജനറൽ |
| 30. | കോഴിക്കോട് | ജി 39.ഉണ്ണികുളം ഗ്രാമ പഞ്ചായത്ത് | 15 വള്ളിയോത്ത് | പട്ടികജാതി |
| 31. | കണ്ണൂർ | ജി 26.എരുവേശി ഗ്രാമ പഞ്ചായത്ത് | 14 കൊക്കമുള്ള് | ജനറൽ |
| 32. | കാസർഗോഡ് | എം 58.കാഞ്ഞങ്ങാട് മുനിസിപ്പൽ കൗൺസിൽ | 30 ഒഴിഞ്ഞവളപ്പ് | ജനറൽ |

വിശ്വസ്തതയോടെ,

എ.സന്തോഷ്
സെക്രട്ടറി

പകർപ്പ് :

1. ബന്ധപ്പെട്ട വരണാധികാരികൾക്കും ഉപ വരണാധികാരികൾക്കും.
2. എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും (ബന്ധപ്പെട്ട സെക്ഷനുകൾ തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിലെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ പുരോഗതി മോണിറ്റർ ചെയ്യേണ്ടതാണ്)

3. നോഡൽ ഓഫീസർ (ട്രയിനിംഗ്), സം.തി.ക
4. പബ്ലിക്ക് റിലേഷൻസ് ഓഫീസർ, സം.തി.ക
5. കമ്മീഷണറുടെ പി.എസ്.
6. കമ്മീഷണറുടെ സി.എ./സെക്രട്ടറിയുടെ സി.എ
7. കംപ്യൂട്ടർ പ്രോഗ്രാമർ, സം.തി.ക.
8. സ്റ്റാന്റിംഗ് കൗൺസൽ, സം.തി.ക., എറണാകുളം.
9. സ്റ്റേറ്റ് ലെവൽ ട്രയിനേഴ്സ്, സം.തി.ക.
10. ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

'ജനഹിതം' , റ്റി.സി.27/6(2), വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം -695 033,

ഫോൺ : 0471-2325048,2337884,Fax:0471-2338288,e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in